LIBRARY ARCHIVES Kerala Legislative Assembly

വാട്ടർ അതോറിറ്റിയുടെകീഴിലുള്ള കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം

86 [249] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെകീഴിലുള്ള കുടിവെള്ള പദ്ധതികളുടെ വിവിധ ഘട്ടങ്ങൾ പലപ്പോഴായിട്ടാണ് ടെണ്ടർ ചെയ്യുന്നത്. ഇത് പദ്ധതിയുടെ പൂർത്തീകരണത്തിന് വലിയ കാലതാമസം വരുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഒരു പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ ഘട്ടങ്ങൾ ഒന്നിച്ച് ടെണ്ടർ ചെയ്ത് നിർമ്മാണത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവിധ ഘട്ടങ്ങൾ പലപ്പോഴായി ടെണ്ടർ ചെയ്യുന്നതുകൊണ്ടുമാത്രം പദ്ധതിയുടെ പൂർത്തീകരണത്തിന് കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

'WATSAN' പദ്ധതി നടപ്പിലാക്കുന്ന നടപടി

87 [250] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട "വൈറ്റ് പേപ്പർ", വാട്ടർ അതോറിറ്റി ബോർഡ് യോഗം അംഗീകരിച്ചതാണോ;

(ബി) കേരളത്തിൽ 'WATSAN' പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(സി) എം.ജി.പി.-യുടെ ഭാഗമായി ഏതെല്ലാം പദ്ധതികളാണ് കുടിവെള്ള മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട വൈറ്റ് പേപ്പർ ഇതിനായി സർക്കാർ നിയോഗിച്ച കമ്മിറ്റി തയ്യാറാക്കി സമർപ്പിച്ചത് സർക്കാർ അംഗീകരിച്ചതുമായ ഒരു രേഖയാണ്. അത് കേരള വാട്ടർ അതോറിറ്റി ബോർഡ് യോഗം അംഗീകരിക്കുന്നതിന്റെ ആവശ്യകത ഉദിക്കുന്നില്ല.